**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1083** **30-06-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ., സർവ്വെ നടപടികൾ, ഡിസൈൻ എന്നിവ തയ്യാറായിട്ടുണ്ടോ; | (എ) | നിലവിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി തുക അധികമായതിനാൽ പുനഃപരിശോധന നടത്തി വീണ്ടും സമർപ്പിക്കുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി നിർദ്ദേശത്തിന് സംസ്ഥാനതല സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതി സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെ അമൃത് 2.0 അപെക്സ് കമ്മിറ്റിയിൽ പദ്ധതികൾ സമർപ്പിക്കുകയും അപെക്സ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന പക്ഷം ഡി.പി.ആർ തയ്യാറാക്കുന്ന നടപടികളും, അതോടൊപ്പം സർവ്വെ, ഡിസൈൻ തുടങ്ങിയവയും തയ്യാറാക്കാൻ സാധിക്കും. |
| (ബി) | കോട്ടക്കൽ നഗരസഭയിൽ ശുദ്ധജലം എത്തിക്കുന്നതിനായുള്ള ഉപരിതല ജല സംഭരണികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൂർത്തിയായിട്ടില്ല. പദ്ധതിക്കായുള്ള ജല സംഭരണികൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, അവ എവിടെയൊക്കെ യാണെന്നും ഓരോന്നിനും ആവശ്യമായ വിസ്തീർണം എത്രയാണെന്നുമുള്ള വിവരങ്ങൾ കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട് . |
| (സി) | പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം അറിയിക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി തുക അധികമായതിനാൽ പുനഃപരിശോധന നടത്തി വീണ്ടും സമർപ്പിക്കുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറക്ക് അടിയന്തിരമായി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ